(ബി) മേൽത്തരം പന്നിക്കുഞ്ഞുങ്ങളെ 250 രൂപ സബ്സിഡിയോടെ 1000 രൂപ നിരക്കിൽ വിതരണം ചെയ്ത് ഫാർമർ ലിങ്ക്ഡ് ബൈബാക്ക് സ്കീം ഊർജ്ജിത പ്പെടുത്തിയതിന്റെ ഫലമായി കഴിഞ്ഞവർഷം 65 ലക്ഷം രൂപ സംസ്ഥാനത്തെ കർഷകർക്ക് മൃഗങ്ങളുടെ വിലയായി നൽകിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതി ഊർജ്ജിത പ്പെടുത്തി വിമൻ ഇൻ അഗ്രികൾച്ചർ പ്രോഗ്രാം പ്രകാരം മലപ്പുറം, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ആടുവളർത്തൽ പദ്ധതി നടപ്പിലാക്കാനും മറ്റ് മൂന്ന് മേഖലകളിൽക്കൂടി [(1) തിരുവനന്തപുരം, കോട്ടയം, കൊല്ലം, പത്തനംതിട്ട (2) പാലക്കാട്, തൃശ്ശൂർ (3) എറണാകുളം, ആലപ്പുഴ] കോഴി, പന്നി എന്നിവയുടെ ബൈബാക്ക് സ്കീം വിപുലപ്പെടുത്തി മൂന്നു ചെറിയ സ്ലാട്ടർ ഹൗസുകൾ സ്ഥാപിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) (1) സംസ്ഥാനത്തെ കുളമ്പുരോഗ വിമുക്ത മേഖലയായി പ്രഖ്യാപിക്കാൻ കഴിഞ്ഞാൽ മാത്രമേ സുഗമമായി വിദേശത്തേക്ക് മാംസോല്പന്നങ്ങൾ കയറ്റുമതി ചെയ്യുവാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാർ, നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡുമായി ചേർന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ എം.പി.ഐ.-യും സഹകരിക്കുന്നുണ്ട്.

(2) അന്താരാഷ്ട്ര നിലവാരമുള്ള എച്ച്. എ. സി. സി. പി. സർട്ടിഫിക്കേഷൻ കമ്പനിയിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(3) ഡിസ്ട്രിബ്യൂട്ടർമാർ വഴി ഗൾഫ് രാജ്യങ്ങളിലേക്ക് മാംസോല്പന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള ട്രയൽറൺ നടന്നുകഴിഞ്ഞു. ഇതിന്റെ ഫലവും കമ്പനി ആധുനികവൽക്കരണവും അടിസ്ഥാനമാക്കി സമീപഭാവിയിൽത്തന്നെ എക്സ്പോർട്ട് ആരംഭിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) കമ്പനിയുടെ ആധുനികവൽക്കരണത്തിനായി 64 ലക്ഷം (അറുപത്തി നാല് ലക്ഷം) രൂപ സർക്കാർ നൽകിയിട്ടുണ്ട്. സോസേജ് ഫില്ലർ, മീറ്റ് മിൻസർ, ബൗൾ ചോപ്പർ, മറൈൻമിക്സർ, പ്ലേറ്റ് ഫ്രീസർ, ഹീറ്റിംഗ് ഓവൻ, പ്രഷർ വാഷർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാനും ഫാക്ടറി ഫ്ളോർ എപ്ക്സി കോട്ടിംഗ് നടത്താനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

കയർ വ്യവസായത്തിന് ആവശ്യമായ ചകിരി

*6 [793] ശ്രീ. വി. ചെന്താമരാക്ഷൻ:

„ പിരപ്പൻകോട് മുരളി:

„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിന് ആവശ്യമായ ചകിരി സംസ്ഥാന ത്തുനിന്നുതന്നെ ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന തേങ്ങയുടെ മുഴുവൻ തൊണ്ടും സംഭരിച്ചാൽ സംസ്ഥാനത്തിനാവശ്യമുള്ള ചകിരി ഉല്പാദിപ്പിക്കാൻ കഴിയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ തമിഴ്നാട്ടിലെ പച്ച ചകിരിയെ മാത്രം ആശ്രയിച്ചാണ് കേരളത്തിലെ കയർ വ്യവസായം നിലനിൽക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ജൂട്ടിന്റേയും ജൂട്ടുല്പന്നങ്ങളുടേയും വരവ് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. തീവ്ര കയർവികസന പദ്ധതി പ്രകാരം 58 ഡീഫൈബറിംഗ് മില്ലുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയതിൽ 34 എണ്ണം കമ്മീഷൻ ചെയ്തു. ഇതിൽ പ്രവർത്തനക്ഷമമല്ലാത്തവയെ പ്രവർത്തനക്ഷമമാക്കാനും ബാക്കിയുള്ളവ കമ്മീഷൻ ചെയ്യുവാനും നടപടി എടുത്തുവരുന്നു. ഉല്പാദന യൂണിറ്റുകൾക്കുണ്ടാകുന്ന ചകിരി നാരിന്റെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് സ്വകാര്യ മേഖലയിലെ യന്ത്രവൽകൃത ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് പ്രത്യേക ധനസഹായം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉല്പാദിപ്പിക്കുന്ന മുഴുവൻ തേങ്ങയുടേയും തൊണ്ട് ശേഖരിച്ചാൽ പ്രതിവർഷം 2 ലക്ഷം മെട്രിക് ടൺ ചകിരി ഉല്പാദിപ്പിക്കാൻ കഴിയും. തൊണ്ടിന് മണ്ഡരി രോഗം ബാധിച്ചതുമൂലം ചകിരി എത്രകണ്ട് കുറയുമെന്ന് പറയാൻ പ്രയാസമാണ്. ചുരുങ്ങിയ ചെലവിൽ മുഴുവൻ തൊണ്ടും സംഭരിക്കുക എന്നത് പ്രായോഗികമല്ല.

(സി) വ്യവസായത്തിന്റെ നിലനിൽപ്പിന് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചകിരിയോടൊപ്പം തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ചകിരിയും ഉപയോഗിക്കുന്നുണ്ട്.

(ഡി) സ്വകാര്യമേഖലയിൽ കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ലഭ്യമാകുന്ന തൊണ്ടിന്റെ അമ്പത് ശതമാനവും ഉപയോഗിക്കപ്പെടണം എന്ന ഉദ്ദേശത്തോടെ നഗരങ്ങളിലും ഗ്രാമങ്ങളിലും തൊണ്ടു ശേഖരിക്കുന്നതിന് പ്രോത്സാഹനം നൽകാനുള്ള ഒരു പദ്ധതി കയർ ബോർഡിന്റെ പരിഗണനയിലുണ്ട്. സംസ്കരിക്കുന്ന തൊണ്ടുതല്ലൽ യന്ത്രം വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടിയും കയർബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് പുറമെ ചകിരിയും തൊണ്ടും ഇറക്കുമതി ചെയ്യുന്നതും ലക്ഷദ്വീപിൽനിന്നും ചകിരി കൊണ്ടുവരുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly